(ബി) ജി.ഒ.നമ്പർ 124/72/ഹോം തീയതി 2-8-1972 നമ്പർ ഉത്തരവിലൂടെയാണ് ഒരു വർഷത്തിനുശേഷമുള്ള ജനനവും മരണവും രജിസ്ട്രേഷന് ആർ.ഡി.ഒ.യുടെ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ആർ.ഡി.ഒ.-യുടെ അനുമതിക്കായി അപേക്ഷിക്കുന്നവർക്ക് സേവനാവകാശനിയമം 2012 പ്രകാരം സേവനം ലഭ്യമാകുന്നുണ്ട്. ഈ വിഷയത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജനന-മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യാത്തവരെ വില്ലേജ്, താലൂക്ക് ഓഫീസുകളിൽ ഹിയറിംഗ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജനന-മരണ രജിസ്റ്ററുകൾ

249 (1627) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന മരണ രജിസ്റ്ററുകൾ കാലപ്പഴക്കംമൂലവും അല്ലാതെയും നശിച്ച് പോവുകയും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാതെവരികയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാരമായി സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനന-മരണ രജിസ്റ്ററുകൾ കാലപ്പഴക്കംമൂലവും അല്ലാതെയും നശിച്ചുപോവുകയും തൻനിമിത്തം അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ രജിസ്ട്രേഷൻ സംബന്ധിച്ച് സ്ഥാപനത്തിലോ വ്യക്തിയുടെ പക്കലോ ഏതെങ്കിലും തെളിവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുനഃസൃഷ്ടിക്കാവുന്നതും തെളിവുകളൊന്നും ലഭ്യമല്ലാത്ത കേസുകളിൽ സംഭവം രജിസ്ട്രേഷൻ യൂണിറ്റിന്റെ അധികാരപരിധിക്കുള്ളിൽ നടന്നതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടശേഷം നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അതോടൊപ്പം ബന്ധപ്പെട്ട വർഷത്തെ ജനന-മരണ രജിസ്റ്റർ നശിച്ചുപോയതായുള്ള ഒരു സാക്ഷ്യപത്രം കൂടി പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനായി ആർ.ഡി.ഒ.-ക്ക് നൽകേണ്ടതും ആർ.ഡി.ഒ.-യുടെ അനുമതി ലഭിച്ചാലുടൻ രജിസ്ട്രേഷൻ നടപടികൾ ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിറ്റിൽ നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly